FRIDAY 07-10-2022 വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/10/2022.

1. കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ പ്ലാന്റ് ജീനോം സേവിയേഴ്സ് കമ്മ്യൂണിറ്റി ദേശീയ അവാർഡ് നേടിയ കടമക്കുടി വാരാപ്പുഴ ജൈവ പൊക്കാളി ഐ സി എസ്-ന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ആത്മ എന്നിവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൊക്കാളി കൊയ്ത്തുത്സവവും അവാർഡ് ദാനവും ഒക്ടോബർ പത്തിന് കടമക്കുടി സെന്റ് അസിസ്റ്റന്റ് പാരിഷ് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. ഈ പദ്ധതിയിൽ ചേരുന്നത് വഴി പെൻഷൻ ആനുകൂല്യങ്ങൾ, കുടുംബ പെൻഷൻ, അനാരോഗ്യ ആനുകൂല്യം, അവശത ആനുകൂല്യങ്ങൾ, കർഷകർക്കുള്ള ഇൻഷുറൻസ് പരിരക്ഷ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ആനുകൂല്യം തുടങ്ങിയ പതിനൊന്നോളം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കും. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗങ്ങൾ നിധിയിലേയ്ക്ക് അംശദായമായി നൽകുന്ന തുകയുടെ തുല്യമായ തുക പരമാവധി പ്രതിമാസം 250 രൂപ എന്ന നിരക്കിൽ സർക്കാർ അംശാദായമായി നൽകുന്നതാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. കേന്ദ്രസർക്കാർ അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന വ്യക്തികൾക്കും, ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും, ഡയറി കോപ്പറേറ്റീവ്/മിൽക്ക് പ്രൊഡ്യൂസർ കമ്പനി /ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരം 2022 ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി ഒക്ടോബർ 10 ആയി ദീർഘിപ്പിച്ചിരിക്കുന്നു.

4. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും WCT, കുറ്റ്യാടി, മലയൻപച്ച ഇനം തെങ്ങിൻ തൈകൾ, ഡ്രാഗൺഫ്രൂട്ട് തൈകൾ എന്നിവ നൂറ് (100) രൂപ നിരക്കിലും TxD, DxT തെങ്ങിൻ തൈകൾ ഇരുന്നൂറ് (200) രൂപ നിരക്കിലും ലഭ്യമാണ്. റമ്പൂട്ടാൻ ഇരുനൂറ്റി അമ്പത് (250) രൂപ, വിയറ്റ്നാം ഏർളി ജാക്ക് പ്ലാവിനം നൂറ്റിഅൻപത് (150) രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8289907652** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ അഞ്ച് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഒക്ടോബർ 17 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾ, മൃഗസ്നേഹികൾ, സാങ്കേതിക വിദഗ്ധർ, Petshop ഉടമസ്ഥർ, Dog breeders തുടങ്ങിയവർക്കായി ഈ മാസം 11-ന് (11/10/2022) തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **0471 2302643, 9188510042** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത സെമിനാറിൽ മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള ആക്ട്, പഞ്ചായത്ത്രാജ് ആക്ട്, അനിമൽ ബെർത്ത് കൺട്രോൾ നിയമങ്ങൾ, നാട്ടാന പരിപാലന ചട്ടങ്ങൾ, Pet Shop നിയമങ്ങൾ, Market നിയമങ്ങൾ തുടങ്ങിയവയെ കുറിച്ച് വിദഗ്ധർ ക്ലാസ്സുകൾ നയിക്കുന്നു

8. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് ഈ മാസം 10-ന് (ഒക്ടോബർ 10) **കൃഷി ലാഭകരമാക്കാൻ ശാസ്ത്രീയ മണ്ണു പരിപാലന മുറകൾ** എന്ന വിഷയത്തിൽ 40 കർഷകർക്ക് പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ **9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു.